## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1118** **12/06/2014-ലെ മറുപടിക്ക്**

<u>കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴ I വില്ലേജിലെ കുന്നക്കാട് ദേശത്ത് മിച്ചഭൂമി പതിച്ചു നൽകിയതിന്റെ വിശദാംശങ്ങൾ</u>

**ചോദ്യം** **മറുപടി**

**ശ്രീ. എം.ഹംസ** **ശ്രീ.അടൂർപ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴ I വില്ലേജിൽപെട്ട കുന്നക്കാട് ദേശത്ത് എത്ര കുടുംബങ്ങൾക്കാണ് മിച്ചഭൂമി പതിച്ച നൽകിയത്; എന്നാണ് നൽകിയത് ; ഓരോ കുടുംബത്തിനും എത്ര വീതം ഭൂമി നൽകുകയുണ്ടായി | (എ) | കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴ-I വില്ലേജിൽപ്പെട്ട കുന്നക്കാട് ദേശത്തിലെ 59 കുടുംബങ്ങൾക്ക് മിച്ചഭൂമി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. 06.07.1976 ലാണ് ഡീഡ് ഓഫ് അസൈൻമെന്റ് (ഫോറം-19) ബന്ധപ്പെട്ടവർക്ക് നൽകിയത്. ഓരോ കുടുംബത്തിനും 50 സെന്റ് മുതൽ ഒരു ഏക്കർ വരെ വീതമുള്ള അളവിലാണ് മിച്ചഭൂമി നൽകാൻ ഉത്തരവായിട്ടുള്ളത്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് ടി സ്ഥലത്തിന്റെ കൈവശരേഖ നൽകുകയുണ്ടായോ ; | (ബി) | ഫോറം-19 പ്രകാരമുള്ള ഡീഡ് ഓഫ് അസൈന്റ്മെന്റാണ് നൽകിയിട്ടുള്ളത്. |
| (സി) | ഉണ്ടെങ്കിൽ എന്ന് ; ഇല്ലെങ്കിൽ എന്തുകൊണ്ട് ? | (സി) | 06.07.1976 ന് ഡീഡ് ഓഫ് അസൈന്റ്മെന്റ് (ഫോറം-19) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ